## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1039 12.03.2015 -ലെ മറുപടിയ്ക്ക്

കേരള സർവ്വകലാശാല അടച്ചുപൂട്ടിയ ബി.എഡ്. സെന്ററുകൾ

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം.എ. ബേബി<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, വി. ശിവൻകുട്ടി<br>,, ബി. സത്യൻ : | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാല അടച്ചുപൂട്ടിയ ബി.എഡ്. സെന്ററുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; | (എ) | കേരള സർവ്വകലാശാല നടത്തുന്ന 10 ബി.എഡ് കോളേജുകളുടെയും അംഗീകാരം NCTE യുടെ സതേൺ റീജിയണൽ കമ്മിറ്റി ബംഗലൂരു 15.10.2014 -ൽ പുറത്തിറക്കിയ ഉത്തരവ് പ്രകാരം റദ്ദാക്കിയിരുന്നു. |
| (ബി) | ബി.എഡ്. സെന്റർ അടച്ചുപൂട്ടിയതിന്റെ ഫലമായി ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരുടെ സമരത്തെ തുടർന്നുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ പാലിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ; ബി.എഡ്. സെന്റർ അദ്ധ്യാപകർ വീണ്ടും സമരം ആരംഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | ~~(ബി)~~ ~~(സി)~~ & ~~(ഡി)~~ | ഇതിനെതിരെ സർവ്വകലാശാല സമർപ്പിച്ച അപ്പീൽ നിരസിക്കുകയും സതേൺ റീജിയണൽ കമ്മിറ്റിയുടെ തീരുമാനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>NCTE യുടെ അംഗീകാരം ലഭിക്കാത്തതുകൊണ്ടാണ് B.Ed. സെന്ററുകൾ തുടർന്നു പ്രവർത്തിപ്പിക്കാൻ സർവ്വകലാശാലയ്ക്ക് സാധിക്കാത്തത്. |
| (സി) | ബി.എഡ്. സെന്ററുകൾ തുറക്കാത്തതും അദ്ധ്യാപകരുമായുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പാക്കാത്തതും സ്വാശ്രയ ബി.എഡ്. ലോബിയെ സഹായിക്കുന്നതിനാണെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ ; | ബി,സി & ഡി | ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ സിൻഡിക്കേറ്റ് അംഗങ്ങൾ സ്റ്റാറ്റ്യൂട്ടറി ഓഫീസേഴ്സ് എന്നിവരടങ്ങുന്ന ഒൻപത് അംഗ കമ്മിറ്റി ഈ കോളേജുകളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടുന്നതിനും പ്രശ്നം പരിഹരിക്കുന്നതിനും തയ്യാറാകുമോ ? | | |

[signature]

സെക്ഷൻ ഓഫീസർ